"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

എ5/31369/11

KSHB Building, ശാന്തി നഗർ,
തിരുവനന്തപുരം-1,
തീയതി: 06/11/2014

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - സേവനാവകാശ നിയമം - പ്രതിമാസ റിപ്പോർട്ട് നൽകുന്നത് - സംബന്ധിച്ച്:-

സൂചന:- 10.10.2014 ലെ 21087/ഡി2/2012/തൊഴിൽ നമ്പർ കത്ത്.

വ്യാവസായിക പരിശീലന വകുപ്പിൽ സേവനാവകാശ നിയമ പ്രകാരം ലഭിച്ച അപേക്ഷകളും പരാതികളും സംബന്ധിച്ചുള്ള പ്രതിമാസ റിപ്പോർട്ട് എല്ലാ മാസവും 10-ാം തീയതിയ്ക്ക് മുമ്പായി സർക്കാരിന് അയച്ചുകൊടുക്കണമെന്ന് സൂചന സർക്കാർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. ആയതിനാൽ വകുപ്പിന്റെ കീഴിൽ വരുന്ന സ്ഥാപന ങ്ങളിൽ നിന്നും സേവനാവകാശനിയമപ്രകാരം പൊതുജനങ്ങൾക്കു നൽകുന്ന സേവനങ്ങളും സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നൽകുന്ന സേവനങ്ങളും സംബന്ധിച്ചു ലഭിക്കുന്ന അപേക്ഷകളും പരാതികളും സംബന്ധിച്ചുള്ള റിപ്പോർട്ട് തയ്യാറാക്കി എല്ലാ മാസവും 5-ാം തീയതിക്ക് മുമ്പായി ഈ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്. അപേക്ഷകളോ പരാതികളോ ലഭിക്കാത്ത പക്ഷം 'ഇല്ല' എന്ന റിപ്പോർട്ട് എത്തിക്കേണ്ടതാണ്. വകുപ്പിലെ ജീവനക്കാർക്ക് നൽകുന്ന സേവനങ്ങൾ സംബന്ധിച്ചുള്ള വിവരം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

എല്ലാ സബ് ഓഫീസുകൾക്കും

എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

ഉള്ളടക്കം:- മുകളിൽ പറഞ്ഞവ

R/25/10/2014

## വകുപ്പിലെ ജീവനക്കാർക്ക് നൽകുന്ന സേവനങ്ങൾ

| ക്രമ നമ്പർ | സേവനങ്ങളുടെ വിവരം | നിശ്ചിത സമയപരിധി | നിയുക്ത ഉദ്യോഗസ്ഥൻ | ഒന്നാം അപ്പീൽ അധികാരി | രണ്ടാം അപ്പീൽ അധികാരി |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | പ്രോവിഡന്റ് ഫണ്ട് | 15 ദിവസം | അക്കൗണ്ട്സ് ഓഫീസർ | ഫിനാൻസ് ഓഫീസർ | ട്രെയിനിംഗ് ഡയറക്ടർ |
| 2 | ഹൗസ് ബിൽഡിംഗ് അഡ്വാൻസ് | 15 ദിവസം | അക്കൗണ്ട്സ് ഓഫീസർ | ഫിനാൻസ് ഓഫീസർ | ട്രെയിനിംഗ് ഡയറക്ടർ |
| 3 | ട്രാവലിംഗ് അലവൻസ് | 15 ദിവസം | അക്കൗണ്ട്സ് ഓഫീസർ | ഫിനാൻസ് ഓഫീസർ | ട്രെയിനിംഗ് ഡയറക്ടർ |
| 4 | മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് | 15 ദിവസം | അക്കൗണ്ട്സ് ഓഫീസർ | ഫിനാൻസ് ഓഫീസർ | ട്രെയിനിംഗ് ഡയറക്ടർ |
| 5 | പ്രൊബേഷൻ | 15 ദിവസം | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | ട്രെയിനിംഗ് ഡയറക്ടർ |
| 6 | ഗ്രേഡ് നിർണ്ണയം | 15 ദിവസം | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | ട്രെയിനിംഗ് ഡയറക്ടർ |
| 7 | പെൻഷൻ | അക്കൗണ്ടന്റ് ജനറലിൽ നിന്ന് അനുമതി ലഭിച്ച് 30 ദിവസത്തിനകം | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | ട്രെയിനിംഗ് ഡയറക്ടർ |

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ